ശ്രീ. ആര്യാടൻ മുഹമ്മദ് : നിലവിലുള്ള പ്രാഥമിക സംഘങ്ങളും ഈ സംഘവും തമ്മിലുള്ള വ്യത്യാസമെന്താണ് ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയരുത്. കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് സീരിയസായിട്ട് അവതരിപ്പിച്ചു, അതിന്റെ ശരിയും തെറ്റും മനസ്സിലാക്കി മെരിറ്റിന്റെ അടിസ്ഥാനത്തിൽ ഡിസ്ക്കസ് ചെയ്യുന്നതിനും കുഴപ്പമില്ല. ഇത് മാർക്സിസ്റ്റ് സംഘങ്ങളൊന്നുമുണ്ടാക്കാൻ വേണ്ടിയിട്ടല്ല. പ്രൈമറി സംഘങ്ങളുടെ പ്രസിഡന്റും സെക്രട്ടറിമാരുമുണ്ടല്ലോ, അങ്ങേക്ക് തന്നെ അറിയാമല്ലോ ആരാണ് അതിന്റെ സെക്രട്ടറി ? അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മലപ്പുറത്തെ ഏറ്റവും പ്രധാനപ്പെട്ട യു. ഡി. എഫ്. നേതാവാണ്. അതുകൊണ്ട് ഒരു പദ്ധതിയുടെ നല്ല സംരംഭത്തെ ദുർവ്യാഖ്യാനിക്കാവുന്ന വിധത്തിൽ ചോദ്യം ചെയ്യുന്നത് ആരോഗ്യകരമല്ല എന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. എം. വി. ജയരാജൻ : അങ്ങ് മറുപടിയിൽ വ്യക്തമാക്കിയത് പത്തുകോടി എൺപത്തിയേഴുലക്ഷം രൂപ ചെലവഴിച്ച് 104 സ്വാശ്രയ ഗ്രൂപ്പ് പദ്ധതി കാർഷിക മേഖലയിൽ നടപ്പിലാക്കുന്നുവെന്നാണ്. അതിന്റെ ഭാഗമായി ഇതിനകം എത്ര രൂപയുടെ കാർഷികോൽപന്നങ്ങൾ ഉൽപാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വല്ല റിപ്പോർട്ടും സമാഹരിച്ചിട്ടുണ്ടോ ? പ്രത്യേകിച്ച് ഗ്രൂപ്പിൽ നിന്നും റിട്ടേൺസ് ഉണ്ടാകുന്നുണ്ട്. അവർ ഇങ്ങോട്ട് പണമടയ്ക്കുന്നതു കൊണ്ട് സ്വാഭാവികമായും സ്വാശ്രയ ഗ്രൂപ്പിന്റെ കാർഷികോൽപാദനം വർദ്ധിച്ചു കൊണ്ടിരിക്കുന്നുവെന്നാണ് വ്യക്തമാകുന്നത്. അതുസംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : പലിശ രഹിത വായ്പയെന്നുള്ളത് ഈ കഴിഞ്ഞ മാസം ഒന്നാംതീയതി മുതലാണ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്. അതിന്റെ വിളവെടുപ്പും തിരിച്ചടവും വന്നാൽ മാത്രമേ പൂർണ്ണമായിട്ട് ഒരു പരിശോധന നടത്തി അതിന്റെ ഫലം എത്രമാത്രമെന്ന് വിലയിരുത്തികൊണ്ട് ഒരു നിഗമനത്തിലെത്താൻ കഴിയുകയുള്ളു. 1234 സ്വാശ്രയ സംഘങ്ങളാണ് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ളത്. അതിനായി തെരെഞ്ഞെടുക്കപ്പെട്ടത് 432 സംഘങ്ങളാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ. 32

പട്ടികജാതി പട്ടികവർഗ്ഗ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി

3 (*32) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്കായി 2000-2001 വർഷത്തിൽ എത്ര പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട് ; അവ ഏതൊക്കെ ; ഒരു വീടിന് എത്ര രൂപയാണ് ഇപ്പോൾ നൽകുന്നത് ;

(ബി) ഇപ്പോൾ നൽകി വരുന്ന തുക വർദ്ധിപ്പിക്കുവാനും ചുരുങ്ങിയത് അൻപതിനായിരം രൂപയാക്കി ഉയർത്താനും നടപടി ഉണ്ടാകണം എന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് നടപ്പാക്കുവാൻ തടസ്സം എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ (1999-2000) എത്ര വീടുകൾ നൽകി; എത്ര രൂപ ചെലവഴിച്ചു; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(ഡി) പട്ടികജാതി- പട്ടികവർഗ്ഗ വീടുകളിലെ വൈദ്യുതീകരണത്തിനും കുടിവെള്ളത്തിനും ഇന്ന് നടപ്പാക്കി വരുന്ന സംവിധാനം എന്തൊക്കെ ആണെന്ന് വ്യക്തമാക്കാമോ ?

പിന്നോക്ക - പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) സുവർണ്ണ ജൂബിലി സമ്പൂർണ്ണ മൈത്രി ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാനായി 2000-2001 വർഷത്തിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കാനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളു. ഈ പദ്ധതി പ്രകാരം ഒരു വീടിന് 35,000 രൂപ ധനസഹായം നൽകി വരുന്നു. ദുർഘട പ്രദേശങ്ങളിൽ വീട് വയ്ക്കുന്നതിന് പട്ടികവർഗ്ഗക്കാർക്ക് 42,000 രൂപയും നൽകി വരുന്നു.

(ബി) ഉണ്ടായിട്ടുണ്ട്. ലഭ്യമായ തുകവിനിയോഗിച്ച് കൂടുതൽ പേർക്ക് വീട് നൽകുകയെന്നതാണ് ഇപ്പോഴത്തെ ലക്ഷ്യം. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള പ്ളാൻ അനുസരിച്ച് വീട് നിർമ്മിക്കുന്നതിന് ഈ തുക മതിയാകുമെന്ന് കണ്ടിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 2343 വീടുകൾ പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേനയും 3556 വീടുകൾ പട്ടികജാതി വികസന വകുപ്പുമുഖേനയും നൽകിയിട്ടുണ്ട്. ചെലവാക്കിയ തുകയും ജില്ല തിരിച്ചുള്ള എണ്ണവും അനുബന്ധമായി ചേർക്കുന്നു.† ഇതു കൂടാതെ ഗ്രാമവികസന വകുപ്പ്, ഹൗസിംഗ് ബോർഡ്, പട്ടകജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, മൽസ്യബന്ധനവകുപ്പ്, വനംവകുപ്പ്, എന്നിവ മുഖേന പട്ടികജാതി കുടുംബങ്ങൾക്ക് 49016 വീടുകളും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 7668 വീടുകളും നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ 35,000-ൽ അധികം വീടുകൾ ഈ കാലയളവിൽ നൽകിയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കു ലഭ്യമല്ല.

(ഡി) പട്ടികജാതി പട്ടികവർഗ്ഗ കോളനികളും വീടുകളും വൈദ്യുതീകരിക്കാൻ വേണ്ട തുക വൈദ്യുതി ബോർഡിൽ പ്രത്യേക ഘടക പദ്ധതിയിലും ഗിരിവർഗ്ഗ ഉപപദ്ധതിയിലും വകയിരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന് വേണ്ടി വരുന്ന ചെലവ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രത്യേക ഘടകപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ വാട്ടർ അതോറിറ്റിയും ഗ്രാമവികസന വകുപ്പും ഭൂഗർഭജലവകുപ്പും വിവിധ രീതിയിലുള്ള ശുദ്ധ ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

---

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു : നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി-പട്ടിക വർഗ്ഗവിഭാഗത്തിന് ഇപ്പോൾ നൽകി വരുന്ന തുക 35,000 രൂപ എന്നുള്ളത് മറ്റ് വിഭാഗങ്ങൾക്ക് നൽകി വരുന്നത് 35,000 രൂപയാണ്, അതുകൊണ്ട് യഥാർത്ഥത്തിൽ വീടിന്റെ പണി പൂർത്തിയാക്കാൻ കഴിയാത്ത അവസ്ഥയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് വന്നിട്ടുള്ളത്. പ്രത്യേകിച്ച് ഈ വിഭാഗത്തിന് ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണ വസ്തുക്കൾ കടം കിട്ടാനുള്ള സാദ്ധ്യത വളരെ പരിമിതമായതുകൊണ്ട് പ്രത്യേക പരിഗണന വച്ചുകൊണ്ട് പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന് 35,000 രൂപ എന്നുള്ളത് 50,000 രൂപയായിട്ട് വർദ്ധിപ്പിക്കാനും, അതുപോലെ ഈ വീട് നിർമ്മിക്കുന്നതിന് സ്വന്തമായിട്ട് ഭൂമിയില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർ ഉണ്ട്. അങ്ങനെ ഭൂമിയില്ലാത്തവർക്ക് ഒരു സമ്മതപത്രം ഹാജരാക്കിയാൽ അവരെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : 15,000 രൂപ ഉണ്ടായിരുന്നതാണ് 35,000 രൂപയായിട്ട് വർദ്ധിപ്പിച്ചത്. ഇപ്പോൾ വർദ്ധിപ്പിക്കേണ്ട കാര്യം ആലോചിക്കേണ്ടതില്ല എന്നാണ് തോന്നുന്നത്. കാരണം കൂടുതൽ ആളുകൾക്ക് വീട് നൽകാൻ നമുക്ക് കഴിയണം. 9-ാം പഞ്ചവൽസര പദ്ധതിയോടുകൂടി കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് മുഴുവൻ വീട് നൽകണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇപ്പോൾ തന്നെ സമ്മതപത്രം ഹാജരാക്കുന്ന മുറയ്ക്ക് സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ആളുകൾക്ക് വീട് കൊടുക്കാനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. രാജു : വീട് നിർമ്മിച്ച് കൊടുക്കുന്നതിന് വ്യക്തിപരമായി ഏൽപിക്കുന്നതിന് പുറമെ ഓരോ പഞ്ചായത്തടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ ഏതെങ്കിലും ഏജൻസിയെ ഏൽപിച്ചുകൊണ്ട് പലപ്പോഴും നമ്മൾ നേരിടുന്ന പ്രശ്നം പണം അഡ്വാൻസായിട്ട് ചെലവഴിക്കാൻ അവർക്ക് കഴിയുന്നില്ല. ഇപ്പോൾ തറ പണിതു കഴിഞ്ഞാൽ മാത്രമേ പണം ലഭിക്കുന്നുള്ളു. നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യമായി ലാഭനഷ്ടങ്ങൾ നോക്കാതെ നടത്തിത്തീർക്കാനോ അല്ലെങ്കിൽ ഈ വിഭാഗത്തിന് അഡ്വാൻസായിട്ട് പണം കൊടുക്കാൻ കഴിയുന്ന വിധത്തിൽ എന്തെങ്കിലും സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ട് ഈ കൃത്യം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ സമ്പൂർണ്ണ പാർപ്പിട പദ്ധതി ഹൗസിംഗ് ബോർഡും പട്ടികജാതി വികസന വകുപ്പുംകൂടി സംയുക്തമായി നടപ്പിലാക്കി വരുന്ന പരിപാടിയിൽ അഡ്വാൻസായിട്ട് 7,000 രൂപ തറ പണിയാനായിട്ട് കൊടുക്കുന്നുണ്ട്. അതുപോലെ വിവിധ ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം-ഏൽപ്പിച്ച അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇത് കൊടുത്തുകൊണ്ട് വലിയ മെച്ചമില്ലയെന്നാണ് മനസ്സിലാക്കിയത്. വ്യക്തിപരമായി തന്നെ വീടുകൾ നിർമ്മിക്കാൻ പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾ മുന്നോട്ടു വരുന്നുണ്ട്. അതുകൊണ്ട് അവരെ പ്രോൽസാഹിപ്പിക്കാൻ ത്രിതല പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിക്കൊണ്ട് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : ത്രിതല പഞ്ചായത്തുകൾ 35,000 വീടുകൾ പൂർത്തിയാക്കിയതായി അങ്ങ് പറയുകയുണ്ടായി. എസ്.സി.പി., ടി.എസ്.പി. ഫണ്ട് ഉപയോഗിച്ചാണ് ത്രിതല പഞ്ചായത്തുകൾ വീടുകൾ പണിയുന്നത്. പക്ഷെ കോടിക്കണക്കിന് രൂപ ത്രിതല പഞ്ചായത്തുകൾ പട്ടികജാതി-വർഗ്ഗക്കാർക്ക് വേണ്ടിയുള്ള എസ്.സി.പി. ഫണ്ട് ഹൗസിംഗ് ബോർഡിൽ നിക്ഷേപിച്ചതായിട്ടാണ് അറിയുന്നത്. ഉദാഹരണത്തിന് കൊച്ചിൻ കോർപ്പറേഷൻ 1997-98-ൽ അവിടത്തെ പട്ടികജാതിക്കാർക്ക് ഹൗസിംഗിനുവേണ്ടി 74 ലക്ഷം രൂപ നീക്കിവച്ചിരുന്നു. ആ തുക 2000-ാമാണ്ടിലും ഹൗസിംഗ് ബോർഡിൽ കിടക്കുകയാണ്. അതുപോലെ സംസ്ഥാനത്തുടനീളം ഒട്ടേറെ ത്രിതല പഞ്ചായത്തുകളുടെ ഹൗസിംഗിനുവേണ്ടിയുള്ള കോടിക്കണക്കിന് രൂപ ഹൗസിംഗ്ബോർഡിൽ കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഈ പണമെടുത്ത് സമയബന്ധിതമായി ഈ വീടുകൾ പൂർത്തിയാക്കാമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : 1997-1998 സാമ്പത്തിക വർഷം ചില ലോക്കൽ ബോഡീസ് ഹൗസിംഗ് ബോർഡിൽ നിക്ഷേപിക്കുകയുണ്ടായി. പ്രോപ്പർ ആയിട്ട് നടപ്പിലാക്കാൻ അന്ന് കുറച്ച് ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനുശേഷം അത് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഹൗസിംഗ്ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് അന്ന് ഈ ഡെപ്പോസിറ്റ് ചെയ്ത പൈസ മുഴുവൻ ഉപയോഗിച്ചു കൊണ്ട് പാവപ്പെട്ട ആളുകൾക്ക് വീട് നിർമ്മിച്ചുകൊടുത്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : പാർപ്പിടയോഗ്യമല്ലാത്ത, വീടില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെല്ലാം വീട് വച്ച് കൊടുക്കാനുള്ള ഈ പദ്ധതി പൂർണ്ണമായി വിജയിപ്പിക്കാൻ വേണ്ടി യഥാർത്ഥത്തിൽ വാസയോഗ്യമല്ലാത്ത വീടില്ലാത്തവരുടെ എണ്ണം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് തിട്ടപ്പെടുത്തി നിശ്ചിത കാലയളവിനുള്ളിൽ വാസയോഗ്യമല്ലാത്ത, വീടില്ലാത്തവർക്ക് വീടുണ്ടാക്കികൊടുക്കുമെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : പാർപ്പിടമില്ലാത്ത പട്ടികജാതിക്കാരുടെ ഏകദേശ എണ്ണം 1.50 ലക്ഷവും പട്ടികവർഗ്ഗക്കാരുടേത് 15,000-നും 20,000-നും ഇടയിലുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് 9-ാം പഞ്ചവൽസരപദ്ധതിയോടുകൂടി ഈ പാവപ്പെട്ട മുഴുവൻ ആളുകൾക്കും വീട് നൽകാനുള്ള ലക്ഷ്യമിട്ട് ഗവൺമെന്റ് പ്രവർത്തിക്കുന്നത്.

ശ്രീ. തമ്പാനൂർ രവി : കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഗവൺമെന്റുകൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഇന്ന് അവരെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നം കുടിവെള്ളവും വൈദ്യുതീകരണവുമാണ്. കേരളത്തിൽ കുടിവെള്ളവും വൈദ്യുതിയുമില്ലാത്ത ഈ വിഭാഗമാളുകൾക്ക് സമയബന്ധിതമായി വൈദ്യുതിയും കുടിവെള്ളവും നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : കുടിവെള്ളത്തിനും, വൈദ്യുതിക്കും, വഴിക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതികളാണ് ലോക്കൽ ബോഡീസ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും 9-ാം പഞ്ചവൽസരപദ്ധതിയോടു കൂടി തന്നെ ഈ പാവപ്പെട്ട ആളുകളുടെ കുടിലുകളിലേക്കും, വീടുകളിലേക്കും കോളനികളിലേക്കുമൊക്കെ തന്നെ വൈദ്യുതിയും വെള്ളവും റോഡും എത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ : കഴിഞ്ഞ കാലത്ത് പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടെ വീടുകൾ നിർമ്മിക്കാൻ 11,000 രൂപയാണ് അനുവദിച്ചിരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ആ കാലത്തു നിർമ്മിച്ച വീടുകളുടെ നിർമ്മാണത്തിൽ അഴിമതി നടത്തിയതിന്റെ ഫലമായിട്ട് ഇടിഞ്ഞുപൊളിഞ്ഞു വീഴുകയും വാസയോഗ്യമല്ലാത്തതായി തീരുകയും ചെയ്തിട്ടുണ്ട്. ഇത്തരം വീടുകൾ പുനരുദ്ധരിക്കുന്നതിനുകൂടി ലക്ഷ്യം വച്ചുകൊണ്ട് അവരെ സഹായിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ; ഗവൺമെന്റിന്റെ ശ്രദ്ധ ഈ പ്രശ്നത്തിൽ വന്നിട്ടുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : മുൻകാലങ്ങളിൽ പല രീതിയിലുള്ള ലോണെടുത്ത് വീട് വച്ചതെല്ലാം നശിച്ചുപോയ ആളുകൾക്ക് വീണ്ടും വീട് കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഗവൺമെന്റ് നേരത്തെ ഇവിടെ സൂചിപ്പിച്ചപോലെ ആദ്യം അംബേദ്കർ കോളനി പദ്ധതി വന്നു, പിന്നീട് ഐ.എച്ച്.ഡി.പി. കോളനിയുണ്ടായി. അങ്ങനെയുള്ള കോളനികളിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് സഹായം കൊടുക്കാൻ ഗവൺമെന്റ് പദ്ധതികൾ വന്നിട്ടുണ്ട്. പക്ഷെ ഇതിൽ പലതും ഭാഗികമായി തീർന്നു നിൽക്കുകയാണ്. ഭാഗികമായി തീർന്ന ഈ പദ്ധതികൾ പൂർത്തീകരിക്കാനുള്ള മുൻഗണനാക്രമം കൊടുക്കുന്നതൊന്ന്, അതോടൊപ്പംതന്നെ 15,000 രൂപയായിരുന്ന ഫണ്ട് ഇപ്പോൾ 35,000 വരെ കൊടുക്കുന്നു. 15,000 രൂപ കൊടുത്തപ്പോൾ പൂർത്തിയാകാത്ത വീടുകൾ ഇപ്പോഴും കിടക്കുകയാണ്. അങ്ങനെയുള്ള വീടുകൾക്ക് ധനസഹായം കൊടുത്ത് പണി പൂർത്തിയാക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : കഴിഞ്ഞ വർഷം മുതൽ അങ്ങനെ പൂർത്തീകരിക്കാതെ കിടന്നിരുന്ന വീടുകളെല്ലാം പൂർത്തീകരിക്കുന്നതിനുള്ള അഡീഷണൽ ഫണ്ട് ഗവൺമെന്റ് കൊടുക്കുകയുണ്ടായി. അതോടൊപ്പം തന്നെ ഐ.എച്ച്.ഡി.പി., അംബേദ്കർ കോളനികളൊക്കെ ഒരുപാട് പ്രഖ്യാപിച്ചിരുന്നു. ആ പ്രഖ്യാപനം നടത്തിയത് ഫണ്ടിന്റെ ലഭ്യതയനുസരിച്ചു കൊണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ പല കോളനികളിലും ആക്ഷൻ പ്ലാൻ അനുസരിച്ചു കൊണ്ടുള്ള പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം പുതുതായി കോളനികൾ പ്രഖ്യാപിക്കേണ്ടതില്ലെന്നും നിലവിൽ തെരെഞ്ഞെടുത്ത കോളനികളിൽ ആക്ഷൻപ്ലാൻ അനുസരിച്ചു കൊണ്ടുള്ള പദ്ധതി പൂർത്തീകരിക്കുക എന്നും

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചത്. അതനുസരിച്ച് സ്പിൽ ഓവറായിട്ട് ആ കോളനികളിലെല്ലാം തന്നെ അതിന്റെ പ്രവർത്തനം നടന്നു വരികയും കുറെക്കൂടി പുരോഗതിയിൽ എത്തുകയും ചെയ്തിട്ടുണ്ട്. ഇനിയും പൂർത്തീകരിക്കാതെ കിടക്കുന്ന കോളനികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ് : സർ, കോട്ടയം ഹെഡ്ഓഫീസായി ഒരു കൺവർട്ടഡ് ക്രിസ്റ്റ്യൻ കോർപ്പറേഷനുണ്ട്. ആയിരക്കണക്കിന് അപേക്ഷ വാങ്ങി വച്ചിരിക്കുകയാണ്. പാവങ്ങൾക്ക് വീടിനും സ്ഥലത്തിനും ഉൾപ്പെടെയുള്ള അപേക്ഷകളാണ്. ഒരാൾക്കും ഇതുവരെ കൊടുത്തിട്ടില്ല. ആ കോർപ്പറേഷനിൽ എന്താണ് സംഭവിക്കുന്നതെന്ന് പരിശോധിച്ച് എത്രയും വേഗം ആ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : കൺവർട്ടഡ് ക്രിസ്റ്റ്യൻ കോർപ്പറേഷനിലെ കാര്യങ്ങൾ അങ്ങേയ്ക്കറിയാവുന്നതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ അഴിമതി നടന്ന ഒരു കോർപ്പറേഷനാണ്. അത് തകർന്നു കിടക്കുകയായിരുന്നു. അത് പുനരുദ്ധരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ ലോൺ കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ വർഷം മുതലാണ് തുടങ്ങിയത്. വീടിനും ലാന്റിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ടിയുള്ള ലോണുകൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് പുനരുദ്ധരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. എ. കെ. മണി : ഭവന നിർമ്മാണ പദ്ധതിയിൻ കീഴിൽ തെരെഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ഉദാഹരണത്തിന് എന്റെ മണ്ഡലമായ പള്ളിവാസലിൽ മുന്നൂറോ നാന്നൂറോ വീടുകൾ അനുവദിച്ചിട്ടുണ്ട്. പക്ഷേ ഒറ്റ വീടുപോലും ഇതുവരെ പണി തീർന്നിട്ടില്ല. അതുപോലെതന്നെ ആദിവാസി മേഖലയിൽ, മൂന്നാർ പഞ്ചായത്ത് ഏറ്റവും വലിയ ഒരു പഞ്ചായത്താണ്. അത് എന്റെ മണ്ഡലത്തിലാണ്. മന്ത്രിക്ക് നേരിട്ട് അറിയാവുന്നതാണ് ഇടമലക്കുടി. ആ ഇടമലക്കുടിയിൽ വീടുകൾ പണിയുവാൻ വേണ്ടി ധാരാളം പ്രഖ്യാപനങ്ങൾ ഉണ്ടായിരുന്നു. സ്കീമുകളുണ്ട്. എന്നാൽ ആ മേഖലയിൽ ആദിവാസികൾക്ക് ഒരു വീട് പോലും പണി തീർത്തു കൊടുത്തിട്ടില്ല. അതിന്റെ കാരണം പറയുന്നത് തടിയെടുക്കുന്നതിലുള്ള ഫോറസ്റ്റുകാരുടെ തടസ്സമാണെന്നാണ്. Seignorage അടയ്ക്കുന്ന കാര്യത്തിൽ ആരാണ് Seignorage അടയ്ക്കേണ്ടത് എന്നുള്ള ഒരു തർക്കം അവിടെ നിലനിൽക്കുകയാണ്. അതുകൊണ്ടുതന്നെ ആദിവാസികൾക്ക് പൂർണ്ണമായി വീട് പണിത് കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം ഇപ്പോഴും നിലനിൽക്കുകയാണ്. ഒന്നുകിൽ ഗവൺമെന്റ് നേരിട്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ഇടപെടുകയോ, Seignorage ഗവൺമെന്റ് അടയ്ക്കാനുള്ള ഏർപ്പാട് ഏറ്റെടുക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തുകൾ നേരിട്ട് ഏറ്റെടുക്കുകയോ ചെയ്താൽ മാത്രമേ ആദിവാസികൾക്ക് വീട് പണിതു കൊടുക്കാൻ കഴിയൂ. അത്തരത്തിലുള്ള തീരുമാനം ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ഫോറസ്റ്റിൽ നിന്നു തടിയെടുക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആദിവാസികൾക്ക് വീട് വയ്ക്കുന്നതിനു വേണ്ടിയും ഫോറസ്റ്റ് ഏരിയയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി ഓരോ ഫോറസ്റ്റ് ഡിവിഷൻ ബേസിലും ജനപ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി ഉണ്ടാക്കുന്നുണ്ട്. ആദിവാസികൾക്കു വേണ്ടി വീടിനു തടിയെടുക്കുന്നതിനുള്ള Seignorage rate - ന്റെ നടപടി ഏകദേശം ആയതാണ്. പൂർണ്ണതയിൽ എത്തിയിട്ടില്ല. അത് പൂർണ്ണതയിൽ എത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. കുമാരൻ : മുൻ ഗവൺമെന്റുകളുടെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപെടുന്ന ആളുകൾക്ക് ഭവന നിർമ്മാണത്തിന് നൽകിയിട്ടുള്ള ഗ്രാന്റും ലോണുകളുമെല്ലാം ഉപയോഗിച്ച് വീട് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ അതെല്ലാംതന്നെ ഇടനിലക്കാർ വഴിയാണ് നടത്തിയിട്ടുള്ളത്. അതിന്റെ ഫലമായി വീട് നിർമ്മാണത്തിൽ ഒട്ടേറെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറായിട്ടുണ്ടോ ? അതുപോലെ തന്നെ 10,000 രൂപ വരെ പട്ടികജാതി-പട്ടികവർഗ്ഗത്തിന് കൊടുക്കാൻ നടപടി സ്വീകരിച്ചതാണ്. അതിൻമേൽ ഇനിയും എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറാണോ ?

മി. സ്പീക്കർ : ഒരു ചോദ്യം മതി.

ശ്രീ. കെ. രാധാകൃഷ്ണൻ : മുൻകാലങ്ങളിൽ ഇടത്തട്ടുകാരും ഏജൻസികളുമൊക്കെ പല തട്ടിപ്പുകളും നടത്തിയിട്ടുണ്ട്. അതിൽ ചിലതെല്ലാം കണ്ടെത്തുകയും അതിനുവേണ്ട നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു.

ശ്രീ. അടൂർ പ്രകാശ് : പലപ്പോഴായി പ്രഖ്യാപിച്ചിട്ടുള്ള ഐ.എച്ച്.ഡി.പി. കോളനികളുടെ വികസനത്തിനുവേണ്ടി നടപ്പാക്കിയിട്ടുള്ള പല പദ്ധതികളും പൂർത്തീകരിക്കാൻ കഴിയാതെ കിടക്കുകയാണ്. അത്തരത്തിൽ പൂർത്തീകരിക്കാത്ത പദ്ധതികൾ സമയബന്ധതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി ഗവൺമെന്റ് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ നേരത്തെ പറഞ്ഞതാണ്. പൂർത്തീകരിക്കാതെ കിടക്കുന്ന പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ടി. നാണു മാസ്റ്റർ : പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഭവന നിർമ്മാണ പദ്ധതികൾക്കുവേണ്ടി ധാരാളം കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുന്നത്. അത് സ്വാഗതാർഹമാണ്. എന്നാൽ ഏറ്റവും മികച്ച ഈ പുതിയ സൗകര്യങ്ങൾ ഹൗസിംഗ്, (വീട് നിർമ്മാണം ഉൾപ്പെടെ) നിശ്ചിത സമയത്തിനുള്ളിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം ത്രിതല പഞ്ചായത്തിലെ ഉദ്യോഗസ്ഥ നിലവാരത്തിൽ വന്നിട്ടുള്ള ഇടപെടലുകളും അതിലെ താമസങ്ങളുമാണ്. അതുകൊണ്ട് യഥാസമയം

ലഭ്യമാകുന്നില്ല. മെയിന്റനൻസിനുള്ള ഗ്രാന്റുപോലും ചിലഭാഗത്ത് അതതു വർഷം കൊടുക്കാതെ ബാക്കിയുണ്ട്. അതെല്ലാം പരിശോധിച്ച്, പ്രത്യേകമായി റിവ്യൂ ചെയ്ത് മൂന്ന് മാസത്തിനകം അതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് നിർദ്ദേശം നൽകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ എല്ലാ ജില്ലകളിലും ഹൗസിംഗ് ബോർഡും പട്ടികജാതി വികസന വകുപ്പും സംയുക്തമായി റിവ്യൂ നടത്തി അതിന് പരിഹാരമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇനിയും കൂടുതൽ ഫലപ്രദമായി റിവ്യൂ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളുടേയും ഭവന നിർമ്മാണ പദ്ധതികളുടെയും എല്ലാ ആനുകൂല്യങ്ങളും ലഭിച്ചിരുന്ന യഥാർത്ഥ ട്രൈബ്സായ മലപ്പുറം ജില്ലയിൽ വനങ്ങളിൽ ജീവിക്കുന്ന മലമുത്തൻമാർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അടുത്ത കാലത്ത് അവർ ഈ വിഭാഗത്തിൽപ്പെട്ടവരല്ലെന്നു പറഞ്ഞ് എല്ലാ ആനുകൂല്യങ്ങളും നിർത്തൽ ചെയ്തു. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മലമുത്തൻമാർക്കുകൂടി ഈ ആനുകൂല്യങ്ങൾ കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : മലമുത്തൻമാർക്ക് ഈ ഗവൺമെന്റ് വന്നതിനു ശേഷം ആനുകൂല്യം നിഷേധിച്ചു എന്ന് പറയുന്നത് ശരിയല്ല. രണ്ടാമത് ഈ വിഭാഗത്തിനടക്കം എല്ലാ ആനുകൂല്യങ്ങളും കൊടുക്കുന്നതിനു വേണ്ടിയാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അവർക്ക് വിദ്യാഭ്യാസവും പാർപ്പിടവുമെല്ലാം കൊടുക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക തീരുമാനം ഉണ്ട്. അവർ സമൂഹത്തിലെ ഏറ്റവും താഴെതട്ടിലുള്ള ആളുകളാണെന്നുള്ള നിലയിൽ കണ്ടുകൊണ്ടുതന്നെ അവർക്ക് പാർപ്പിടവും, ട്രൈബിന്റെ ആനുകൂല്യവും മലമുത്തൻ എന്നു പറഞ്ഞ് കൊടുക്കാൻ കഴിയുകയില്ല, മലമുത്തൻ എന്നത് ട്രൈബിന്റെ ലിസ്റ്റിൽ ഇല്ലാത്തതാണ്. ലിസ്റ്റിൽ ഇല്ലാത്ത ആളുകളെ ട്രൈബ് എന്ന നിലയിൽ ട്രീറ്റ് ചെയ്യാൻ കഴിയുകയില്ല. പക്ഷേ അവരുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ സ്ഥിതി മോശമാണെന്നു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യമായിട്ടുള്ള എല്ലാ വിധ സഹായവും ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ച പഞ്ചായത്തുകളിൽ നിശ്ചിത സമയത്തിനകം അത് പൂർത്തിയാക്കാൻ കഴിയാത്തത് ഒന്നുകിൽ ജീവനക്കാർ ഇല്ലാത്തതാണ്. പ്രത്യേകിച്ച് ഹൗസിംഗ് ബോർഡിൽ. എന്റെ മണ്ഡലത്തിലെ വെള്ളരിക്കുണ്ട് ഹൗസിംഗ് ബോർഡിനെക്കുറിച്ച് ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. ഹൗസിംഗ് ബോർഡിലും പഞ്ചായത്ത് ആഫീസിലും ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുകൊണ്ട് നിശ്ചിത സമയത്ത് പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല. അതിന് പരിഹാരമുണ്ടാകണം. അതോടൊപ്പം തന്നെ വിവിധ കാരണങ്ങളാൽ അർഹതപ്പെട്ട പലരേയും ഒഴിവാക്കുന്നുണ്ട്. അതും പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ടിയാണ് ഇപ്പോൾ എല്ലാ ഹൗസിംഗ് ബോർഡിന്റെ ഓഫീസിലും കോൺട്രാക്ട് ബേസിസിൽ ആളുകളെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. പല ജില്ലകളിലും നിയമിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിയമിച്ചിട്ടില്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുന്നതാണ്. അർഹരായിട്ടുള്ള മുഴുവൻ ആളുകൾക്കും വീട് കൊടുക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. കെ. എ. ചന്ദ്രൻ : പറമ്പിക്കുളം കാടിന്റെ മക്കൾ താമസിക്കുന്ന പ്രദേശമാണ്. അവിടത്തെ നിർമ്മാണ പ്രവർത്തികൾക്ക് കാട്ടിലാണ് താമസിക്കുന്നതെങ്കിലും നാട്ടിൽ നിന്നു വേണം മരം കൊണ്ടുവരാൻ. ഇഷ്ടികയും മണലും എന്നു വേണ്ട, ജോലി ചെയ്യാനുള്ള അളിനെ വരെ നാട്ടിൽ നിന്നുകൊണ്ടു വരണം. അപ്പോൾ കാലാകാലങ്ങളിൽ ഇവർക്ക് നിർമ്മിക്കുന്ന വീടുകൾക്ക് കൊടുക്കുന്ന ഫണ്ട് മതിയാകാതെ വരികയും വീട് നിർമ്മാണം പൂർത്തിയാകാതിരിക്കുകയും ചെയ്യുകയാണ് ചെയ്യുന്നത്. അതുകൊണ്ട് കാടിന്റെ പരിഗണന വച്ചുകൊണ്ട് അവർക്ക് ഇരട്ടി സംഖ്യയെങ്കിലും നൽകാൻ കഴിഞ്ഞെങ്കിൽ മാത്രമേ വീട് പൂർത്തിയാക്കാൻ കഴിയൂ. അവിടത്തെ നിർമ്മാണ പ്രവർത്തികൾ വേഗം പൂർത്തിയാക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനെ ഏൽപിക്കുന്നതായിരിക്കും ഉചിതമാവുക. ഇത് സർക്കാർ പരിഗണിക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇപ്പോൾത്തന്നെ കാട്ടിനുള്ളിൽ താമസിക്കുന്ന ആളുകൾക്കുവേണ്ടി 20 ശതമാനം അഡീഷണൽ പൈസ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 35,000 രൂപയാണ് പൊതുവായി കൊടുക്കുന്നത്. Inaccessible ഏരിയായിൽ താമസിക്കുന്ന ആളുകൾക്ക് 20 ശതമാനം കൂടുതൽ, 7000 രൂപ അധികം കൊടുക്കും. അങ്ങനെ 42000 രൂപ കൊടുത്തുകൊണ്ടാണ് വീട് നിർമ്മിച്ചുകൊണ്ടിരുന്നത്. ഫോറസ്റ്റിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടിയാണ് ഞാൻ നേരത്തെ പറഞ്ഞതുപോലെ ഫോറസ്റ്റ് ഡിവിഷൻ ബേസിസിൽ തന്നെ ഒരു കമ്മിറ്റിയുണ്ടാക്കിയത്. എം. എൽ. എ. മാരൊക്കെ അതിലെ പ്രതിനിധികളാണ്.

ശ്രീ. പി. രാഘവൻ : സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് വീട് നിർമ്മിക്കാനുള്ള ഒരു പ്രധാനപ്പെട്ട പ്രയാസം ഭൂമിയില്ലാത്തതാണ്. അവർ നൂറ്റാണ്ടുകളായിട്ട് അടിമകളായതുകൊണ്ട് അവർക്ക് ഭൂമിയില്ലാത്ത ഒരു പ്രശ്നമുണ്ട്. എല്ലാവർക്കും വീട് വയ്ക്കണമെങ്കിൽ ഭൂമി ലഭ്യമാക്കണം. അതിന് എന്ത് നടപടിയാണ് ഈ ഗവൺമെന്റ് എടുത്തത് ; ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര പേർക്ക് ഭൂമി വാങ്ങിക്കൊടുത്തിട്ടുണ്ട് ; ബാക്കിയുള്ളവർക്കുകൂടി ഭൂമി വാങ്ങിക്കൊടുക്കാൻ എന്ത് നടപടിയാണ് എടുത്തത് ; അത് എപ്പോൾ തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : പല സ്ഥലത്തും സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുമ്പോൾ ലാന്റില്ലാത്ത ഒരു പ്രശ്നമുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലാന്റില്ലാത്ത മുഴുവൻ ആളുകൾക്കും ലാന്റും അതുപോലെ തന്നെ വീടും കൊടുക്കണമെന്നാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനു വേണ്ടിയുള്ള പ്രത്യേക പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

ശ്രീ. എൻ. കണ്ണൻ : സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന സമയത്ത് വനപ്രദേശങ്ങളിലും അതുപോലെ തന്നെ പുറമ്പോക്ക് ഭൂമികളിലും താമസിക്കുന്ന ആളുകൾക്ക് കൈവശരേഖ കിട്ടാത്തതിന്റെ ഫലമായി അവർക്ക് വീട് വയ്ക്കാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്. ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരോട് ഡിപ്പാർട്ടുമെന്റ് ബന്ധപ്പെടുമ്പോൾ അവർ കൈവശരേഖ കൊടുക്കാൻ തയ്യാറാകാതെ വരുമ്പോൾ പൂർണ്ണമായിട്ടും ആളുകൾക്ക് വീട് വയ്ക്കാൻ പറ്റാതെ വരും. ഇതിന് പരിഹാരമായി ഗ്രാമ പഞ്ചായത്തുകൾ കൊടുക്കുന്ന സമ്മത പത്രം ഹാജരാക്കിക്കഴിഞ്ഞാൽ വീട് കൊടുക്കാമെന്നുള്ള ഒരു തീരുമാനം എടുക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഫോറസ്റ്റ് ഏരിയയിലുള്ള ഗ്രാമപഞ്ചായത്തിന് വീടു വയ്ക്കാൻ സമ്മത പത്രം കൊടുക്കാൻ കഴിയുമോ എന്നുള്ള കാര്യം സംശയമാണ്. പഞ്ചായത്തിന്റെ പുറമ്പോക്കിൽ കഴിയുന്ന ആളുകൾക്ക് സമ്മതപത്രം കൊടുക്കുകയാണെങ്കിൽ ആ കാര്യം പരിശോധിക്കാം.

ശ്രീ. സി. മൊയിൻകുട്ടി : പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്ക് ചുമതലപ്പെട്ട ത്രിതല പഞ്ചായത്തുകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ പേരിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; അങ്ങനെ പൂർത്തീകരിച്ച പദ്ധതികൾ തന്നെ അകാലത്തിൽ തകർന്നുപോയിട്ടുള്ള കാര്യങ്ങളിൽ വല്ല നടപടികളും ബന്ധപ്പെട്ടവർക്കെതിരായി സ്വീകരിച്ചിട്ടുണ്ടോ ; അവർക്ക് വീട് വച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. രാധാകൃഷ്ണൻ : ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും തകർന്നു എന്നുപറയുന്നത് ശരിയല്ല. ചില സ്ഥലത്ത് തകർന്നിട്ടുണ്ട് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം പഞ്ചായത്തുകളിൽ ഇടപെട്ടുകൊണ്ട് അത് പുനർനിർമ്മിച്ചു കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ചോദ്യം നമ്പർ 33

കയർ തൊഴിലാളി ക്ഷേമനിധിക്കുള്ള സഹായം നിർത്തലാക്കാനുള്ള കേന്ദ്ര തീരുമാനം

4 (*33) ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധിക്കുള്ള സഹായം നിർത്തലാക്കാൻ കേന്ദ്രസർക്കാർ ഈയിടെ തീരുമാനിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ മുന്നറിയിപ്പില്ലാതെ കേന്ദ്ര സഹായം നിർത്തലാക്കാൻ ഉണ്ടായ സാഹചര്യം എന്തെന്ന് സർക്കാരിനെ അറിയിച്ചുവോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- I

20-6-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 3 (*32) ദയവായി കാണുക.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച് നൽകിയ വീടുകളുടെ ജില്ലതിരിച്ചുള്ള എണ്ണവും ചെലവ് വിവരവും (1999-2000)

ക്രമ നമ്പർ	ജില്ല	1996-1997	ചെലവാക്കിയ തുക	1997-1998	ചെലവായ തുക	1998-1999	ചെലവാക്കിയ തുക	1999-2000	ചെലവാക്കിയ തുക	ആകെ എണ്ണം	ആകെ ചെലവ്
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)
1	തിരുവനന്തപുരം	30	6,48,00	36	15,12,000	21	8,82,000	-	-	87	
2	കൊല്ലം	9	1,94,000	14	5,88,000	7	2,94,000	-	-	30	
3	ആലപ്പുഴ	8	1,72,800	6	2,52,000	5	2,10,000	-	-	19	
4	പത്തനംതിട്ട	20	4,32,000	18	7,56,000	15	6,30,000	-	-	53	
5	കോട്ടയം	40	8,64,000	31	13,02,000	29	12,18,000	-	-	100	
6	ഇടുക്കി	108	23,32,800	48	20,16,000	28	11,76,000	-	-	184	
7	എറണാകുളം	11	2,37,600	10	4,20,000	7	2,94,000	-	-	28	
8	തൃശ്ശൂർ	-	-	28	11,76,000	28	11,76,000	-	-	56	
9	പാലക്കാട്	76	16,41,600	27	11,34,000	58	24,36,000	-	-	161	

LIBRARY ARCHIVES Kerala Legislative Assembly

10 മലപ്പുറം	65	14,04,000	55	23,10,000	26	10,92,000	–	–	146	
11 കോഴിക്കോട്	19	4,10,400	22	9,24,000	9	3,78,000	–	–	50	
12 വയനാട്	162	34,99,200	73	30,66,000	361	151,62,000	599 +	251,58,000	1195	
							27	11,34,000	27	
13 കണ്ണൂർ	40	8,64,000	35	14,70,000	28	11,76,000	–	–	103	
14 കാസർഗോഡ്	40	8,64,000	36	15,12,000	28	11,76,000	–	–	104	
ആകെ	628	135,64,800	439	184,38,000	650	273,00,000	626	262,92,000	2343	8,55,94,800

പട്ടിക ജാതി

As on 31-3-2000

Name of District	Name of Panchayat	No. of houses recommended by DSO for SC	No. of houses for which allotment given by Director
(1)	(2)	(3)	(4)
Thiruvananthapuram	Navayikulam	273	273
	Kadakampally	63	63
Kollam	Veliyam	288	288
	Kunnathur	154	154
Pathanthitta	Panthalam	298	298
Alappuzha	Thycattusseri	82	82
Kottayam	Maravanthuruthu	44	44
Idukky	Pallivasal	749	749
Ernakulam	Nayarambalam	38	38
Thrissur	Varavoor	273	273
Palakkad	Thankurissi	290	290
	Nagalasseri	110	110
Malappuram	Thrikkalangode	293	293
Kozhikode	Peruvayal	233	232
Wayanad	Thirunelli	10	10
Kannur	Paravoor	5	5
Kasargode	Kinanoor-Karinthalam	354	354
	Total	3557	3556

1998-99 വർഷം 698.10 ലക്ഷം രൂപയും, 1999-2000 വർഷം 799.50 ലക്ഷം രൂപയും നാളിതുവരെ ഇതിനായി ഹൗസിംഗ് ബോർഡിന് നൽകി.

LIBRARY ARCHIVES Kerala Legislative Assembly